

TUESDAY 16/09/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/09/2025

1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻറെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ ഫാമുകളുടെ ഒരു ഫാം ഫെസ്റ്റ് 'ഫാം ഫ്യൂഷൻ 25' എന്ന പേരിൽ 2025 സെപ്റ്റംബർ മാസം 17, 18, 19 തീയതികളിൽ നടത്തുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാറിൻറെ അദ്ധ്യക്ഷതയിൽ വാമനപുരം എം.എൽ.എ അഡ്വ.ഡി.കെ മുരളി ഉദ്ഘാടനം നിർവ്വഹിക്കുന്നു. പ്രസ്തുത ഫെസ്റ്റിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഫാം കൗൺസിൽ അംഗങ്ങൾ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നതാണ്. ഫാം ഫെസ്റ്റിൻറെ രണ്ടാം ദിനമായ 18.09.2025 വ്യാഴാഴ്ച **കാർഷിക സെമിനാറിൻറെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിക്കുന്നതാണ്.** ഇതിനോടനുബന്ധിച്ച് കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, പ്രദർശന വിപണന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്റ്റാളുകൾ, ഫാം വിസിറ്റ്, കലാപരിപാടികൾ, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള അംശദായം അടയ്ക്കുന്നതിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംഗത്വം പുതുക്കാൻ അവസരം. തൊഴിലാളികൾക്ക് 10 വർഷത്തെ അംശദായ കുടിശ്ശികയും പിഴയും ഡിസംബർ 10 വരെ ജില്ലാ ഓഫീസിൽ അടച്ച് അംഗത്വം പുതുക്കാം. കുടിശ്ശിക വരുത്തിയ ഓരോ വർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കും. 60 വയസ്സ് പൂർത്തിയാക്കിയ അംഗങ്ങൾക്ക് അംഗത്വം പുനഃസ്ഥാപിക്കാൻ സാധിക്കില്ല. മറ്റൊരു അവസരം ഉണ്ടാകില്ല എന്നിരിക്കെ അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കുടിശ്ശിക അടക്കാൻ വരുന്നവർ ബാങ്ക് പാസ്സ്ബുക്ക്, ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ കോപ്പി, ഫോട്ടോ, ഫോൺ നമ്പർ, ഐഡി കാർഡ് തുകയായ 25 രൂപ എന്നിവ കൊണ്ടുവരണം. ഫോൺ: 0484 2945230.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. 'നാരിയൽ കാ മൂല്യവർദ്ധൻ' (**Value Addition of Coconut**) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ സി ഇ ഒ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ സെപ്തംബർ 22 ാം തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484-2377266 (Extn- 145/121) എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയ്ക്കുകീഴിൽ, വിവിധജില്ലകളിൽ (തിരുവനന്തപുരം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇടുക്കി, വയനാട്) സ്ഥിതി ചെയ്യുന്ന ഡെയറി സയൻസ്കോളേജുകളിലും, വി.കെ.ഐ.ഡി.ഫ്.ടി. മണ്ണുത്തിയിലും നടത്തിവരുന്ന ബി.ടെക് (ഡയറി/ഫുഡ്ടെക്നോളജി) കോഴ്സുകളിലേക്കുള്ള 2025-26 അക്കാദമിക് വർഷത്തെ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 19-ന് രാവിലെ 10.30 ന് പൂക്കോട്ക്യാമ്പസ്സിലെ സർവകലാശാല ആസ്ഥാനത്ത് വച്ച് നടത്തപ്പെടുന്നു. പ്രവേശനത്തിനായി നിശ്ചിതയോഗ്യത ഉള്ള വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെയും അനുബന്ധ രേഖകളുടെയും ഒറിജിനലും പകർപ്പുമായി, കീം (KEAM) അനുബന്ധരേഖകൾ സഹിതം, അ്ദിവസം രാവിലെ 10.30 നു മുൻപായി പൂക്കോട്ക്യാമ്പസ്സിലെ സർവകലാശാല ആസ്ഥാനത്ത് എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ്സന്ദർശിക്കുക. ഫോൺ: 04936 209272, 9562367900, 8547053709

5. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇന്ന് സെപ്തംബർ 16-നു (16.09.2025) പൊന്നറ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഭഗവതി ക്ഷേത്രം, കോട്ടപ്പുറം, മണലി സ്കൂൾ പരിസരം, കൊല്ലോട് ക്ഷേത്ര പരിസരം എന്നീ കേന്ദ്രങ്ങളിൽ വെച്ചും നാളെ (17.09.2025) പനയംകോട്, കിള്ളികുരിശടി, കിള്ളി എൻ.എസ്.എസ്. കരയോഗം, പുതുവയ്ക്കൽ, കട്ടയ്ക്കോട് (അംഗനവാടി), കൊറ്റംകുഴി എന്നീ കേന്ദ്രങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തിഅഞ്ച് മാത്രം) വീതം നൽകേണ്ടതാണെന്ന് കാട്ടാക്കട സീനിയർ വെറ്റിനറി സർജൻ അറിയിച്ചു.

## പരിശീലന പരിപാടി

6. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17,18 തീയതികളിൽ **"വ്യാവസായികാടിസ്ഥാനത്തിലുള്ള പശുവളർത്തൽ"** എന്ന വിഷയത്തിലും, 20 ന് കാട വളർത്തൽ എന്ന വിഷയത്തിലും, പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ 'ഓഫീസ് ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർ അറുപത് ശതമാനം മാർക്കോടെ കെമിസ്ട്രിയിലോ കൊമേഴ്സിലോ ബിരുദമോ ബിരുദാനന്തര ബിരുദമുള്ളവരോ കമ്പ്യൂട്ടറിൽ എം.എസ്.ഓഫീസ് (MS-Office) കൈകാര്യം ചെയ്യുന്നതിൽ ഒരുവർഷത്തെ പ്രവർത്തിപരിചയം ഉള്ളവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 സെപ്റ്റംബർ 01-ന് 26 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2025 സെപ്റ്റംബർ 16-ന് രാവിലെ 10 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

കുരുമുളക് കായ്ക്കുന്ന സമയം പൊള്ളു കീടവും രോഗവും – മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.

രോഗം കാണുകയാണെങ്കിൽ അഞ്ച് ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ച് മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം